ശ്രീ. പി. ടി. തോമസ്: സർ, ചട്ടം 303(2) - ബഹുമാന്യനായ നിലമ്പൂർ എം.എൽ.എ.-യെ കുറേനാളുകളായി ഈ സഭയിൽ കാണുന്നില്ല. എന്നാൽ കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യം സഭയിൽ വന്നിട്ടുണ്ടായിരുന്നു. അതെങ്ങനെയാണെന്നുള്ള സംശയം ഞാനിപ്പോൾ ഉന്നയിക്കുന്നില്ല; അദ്ദേഹം ഇതുപോലൊരു ലീവ് ആപ്ലിക്കേഷൻ ഇവിടെ തന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഒരു വിശദീകരണം നൽകണം എന്നഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യം ഓൺലൈനായി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നൽകാവുന്നതാണ്. അദ്ദേഹത്തിന്റെ കാര്യത്തിൽ ചട്ടവിരുദ്ധമായി ഒന്നും ഉണ്ടായിട്ടില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അദ്ദേഹം അവധി അപേക്ഷ നൽകിയിട്ടുണ്ടോ; അക്കാര്യം സഭയ്ക്ക് അറിയണ്ടേ?

മി. സ്പീക്കർ: സഭയെ അറിയിക്കേണ്ട കാര്യങ്ങളെല്ലാം അറിയിച്ച് അനുവാദം വാങ്ങിയിട്ടുണ്ട്.